LIBRARY ARCHIVES Kerala Legislative Assembly

മാതൃകാ അങ്കണവാടികൾ

240 (4283) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് കൊല്ലം ജില്ലയിൽനിന്നും എത്ര ശുപാർശകൾ പരിഗണനയിൽ വന്നുവെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ശുപാർശകൾക്ക് അംഗീകാരം നൽകിയെന്നും ഏതിന്റെയെല്ലാം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) മാതൃകാ അങ്കണവാടികൾ സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിൽ നിന്നും ആകെ 11 ശുപാർശകൾ ലഭ്യമായതിൽ കൊട്ടാരക്കര, കരുനാഗപ്പള്ളി, പത്തനാപുരം, ചാത്തന്നൂർ, കുന്നത്തൂർ SC, പുനലൂർ, ചവറ എന്നീ നിയോജക മണ്ഡലങ്ങളിൽനിന്നും ലഭിച്ച ശുപാർശകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഇലക്ട്രിക് പണിയൊഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

അഗതികളും അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി നടപടികൾ (കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം പദ്ധതി)

241 (4284) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഗതികളും അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ എന്ന പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം തുടങ്ങിയവ, സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം

LIBRARY ARCHIVES Kerala Legislative Assembly

എന്നിവർ ഒന്നിച്ച് ഒത്തൊരുമയോടെ കൈകോർത്തുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) നടപ്പിലാക്കി വരുന്നു. ICPS-ന്റെ ഘടകമായി ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്കു വേണ്ടി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്ക് സ്ഥാപനേതര സംരക്ഷണം നൽകുന്നതിനായി ദത്തെടുക്കൽ സ്പോൺസർഷിപ്പ്, ഫോസ്റ്റർകെയർ പദ്ധതികളും നടപ്പിലാക്കിവരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും സംരക്ഷണത്തിനുവേണ്ടി 25 ജെ.ജെ. സ്ഥാപനങ്ങൾ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്നു.

ICPS-ന്റെ ഭാഗമായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പരിപാടിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ വിദ്യാർത്ഥികൾക്കും ലൈഫ് സ്കിൽ പരിശീലനം നൽകുക, വിദ്യാർത്ഥികളുടെ വിവിധങ്ങളായ കഴിവുകളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുക, അവരുടെ സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുക, കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും ക്രിയാത്മകമായി ഇടപെടാൻ അധ്യാപകരേയും രക്ഷിതാക്കളേയും പ്രാപ്തരാക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക, പ്രത്യേക പരിചരണം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് അതിനായിട്ടുള്ള സാഹചര്യങ്ങളൊരുക്കുകയും അവരെ Mentor ചെയ്യുകയും ചെയ്യുക തുടങ്ങിയവയാണ്.

പ്രാരംഭഘട്ടത്തിൽ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേക്കാണ് ORC പദ്ധതി വ്യാപിപ്പിക്കുന്നത്. പ്രാരംഭഘട്ടത്തെ തുടർന്ന് മേൽസൂചിപ്പിച്ച പ്രവർത്തനങ്ങളുമായി സർക്കാരും സർക്കാരിതര സംവിധാനങ്ങളും നടത്തുന്ന ജുവനൈൽ ഹോമുകളിലേക്കും ചിൽഡ്രൻസ് ഹോമുകളിലേയ്ക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നു.

(ബി) 2010-ൽ കോഴിക്കോട് പ്രവർത്തനമാരംഭിച്ച ORC പദ്ധതി തൃശ്ശൂർ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. 2013-ൽ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ ഏറ്റെടുത്ത ORC പദ്ധതി കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിനുവേണ്ടി കുട്ടികളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സംയോജിത ശിശുസംരക്ഷണ പദ്ധതിയുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിന് തീരുമാനമാകുകയും വിപുലമായ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറി (സാമൂഹ്യനീതിവകുപ്പ്) അദ്ധ്യക്ഷതയിൽ സെക്രട്ടറി (സാമൂഹ്യനീതിവകുപ്പ്), സെക്രട്ടറി (ധനകാര്യവകുപ്പ്), ലേബർ കമ്മീഷണർ, സ്റ്റേറ്റ് നോഡൽ ഓഫീസർ ORC, UNICEF സ്റ്റേറ്റ് ചീഫ്, ഡയറക്ടർ ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസസ്, എക്സിക്യൂട്ടീവ് ഡയറക്ടർ KSSM തുടങ്ങിയവർ മെമ്പർമാരുമായ സമിതി മാസംതോറും ORC പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

2. ORC പദ്ധതിക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന ചീഫ് മെന്ററായി ശ്രീ. ജേക്കബ് പുന്നൂസ് IPS-നെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ശ്രീ. പി. വിജയൻ IPS പ്രവർത്തിച്ചുവരുന്നു. കൂടാതെ അഡീഷണൽ നോഡൽ ഓഫീസർമാരും സംസ്ഥാന വർക്കിംഗ് കമ്മിറ്റിയും പദ്ധതിയുടെ നടത്തിപ്പിന് ശക്തിപകരുന്നു.

3. ORC പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4. ORC പദ്ധതി കാര്യക്ഷമമാക്കുന്നതിന് SIEMAT, SCERT, IMG, SIET, IT@ School, DIET തുടങ്ങിയ സംവിധാനങ്ങളുടെകൂടി പിൻതുണ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

5. ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉദ്യോഗസ്ഥർ അടങ്ങിയ ജില്ലാതല സമിതി ORC പദ്ധതിയുടെ ജില്ലാ-സ്കൂൾതല പ്രവർത്തനങ്ങൾ മാസംതോറും വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു.

6. ജില്ലാതല പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടി ഓഫീസുകൾ സജ്ജമാക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

7. ORC പദ്ധതിയുടെ പരിശീലന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ആവശ്യാനുസരണം കുട്ടികൾക്ക് വിദഗ്ധ പരിചരണം ലഭ്യമാക്കുന്നതിനും കൗൺസിലിംഗ്, ടെലി ഫെസിലിറ്റി, കോൺഫറൻസിംഗ് തുടങ്ങി വിപുലമായ സംവിധാനങ്ങളോടെ ജില്ലകളിൽ ORC റിസോഴ്സ് സെന്റർ പ്രവർത്തന സജ്ജമായിവരുന്നു.

8. കഴിഞ്ഞ വർഷങ്ങളിൽ ORC പദ്ധതി ആരംഭിച്ച കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ 10 സ്കൂളുകൾ വീതവും ഈ വർഷം പദ്ധതി ആരംഭിക്കുന്ന കൊല്ലം-7, ആലപ്പുഴ-5, ഇടുക്കി -5, പത്തനംതിട്ട -5, കോട്ടയം -5, മലപ്പുറം -5, പാലക്കാട് -5, വയനാട് -5, കണ്ണൂർ -5, കാസർഗോഡ്-5 വീതവും സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

9. അദ്ധ്യാപകരേയും മറ്റും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ പരിശീലകരെ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. തെരഞ്ഞെടുത്ത സ്കൂളുകളിൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു നോഡൽ ടീച്ചറെ നിയോഗിച്ചു. നോഡൽ ടീച്ചർക്ക് പ്രതിമാസ ഓണറേറിയം 1000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ ഹെൽത്ത് നേഴ്സ്, കൗൺസിലർ തുടങ്ങിയവരുടെ സേവനം ORC സ്കൂളുകളിൽ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

11. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്നവരും കുട്ടികളുടെ ക്ഷേമത്തിൽ തൽപ്പരരുമായ വ്യക്തികൾ ORC പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ നടന്നുവരുന്നു. കുട്ടികളുടെ ക്ഷേമത്തിൽ തൽപ്പരരായ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മേഖലകളിലെ ഏതൊരു വ്യക്തിയും ORC യുമായി ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.

കുട്ടികളെ നേർവഴിക്കുനയിക്കുന്ന പദ്ധതി

242 (4285) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വഭാവവൈകല്യങ്ങൾക്കടിപ്പെടാതെ കുട്ടികളെ നേർവഴിക്കുനയിക്കാൻ വിദ്യാഭ്യാസവകുപ്പുമായിചേർന്ന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ :

(ബി) മദ്യം, മയക്കുമരുന്ന് എന്നിവയോടുള്ള ആസക്തി, അക്രമവാസന തുടങ്ങിയവ ഉള്ള കുട്ടികളെ അതിൽനിന്നൊക്കെ പി�ൻതിരിപ്പിക്കുന്നതിന് മനഃശാസ്ത്രജ്ഞരുടെ സഹായം ഇതോടൊപ്പം ലഭ്യമാക്കുമോ ; രക്ഷകർത്താക്കൾക്ക് ആവശ്യമായ ബോധവത്കരണത്തിനുള്ള സംവിധാനംകൂടി ഇതോടൊപ്പം ഒരുക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly